പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1154 | 30.01.2018-ൽ മറുപടിക്ക്

പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതും KIIFB അംഗീകാരം ലഭിച്ചതുമായ പെരുമ്പളം, കാക്കത്തുരുത്ത്, നെടുമ്പ്രക്കാട്, വിളക്ക്മരം എന്നീ പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) 1. പെരുമ്പളം പാലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br>2. കാക്കത്തുരുത്ത് പാലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ആയത് കൈമാറുവാൻ കഴിയൂ.<br>3. നെടുമ്പ്രക്കാട്- വിളക്കമരം പാലത്തിന്റെ ടെൻറ്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി). പെരുമ്പളം, കാക്കത്തുരുത്ത് എന്നീ പാലങ്ങളുടെ ഡിസൈൻ ഈ പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യം കൂടി കണക്കിലെടുത്ത് സസ്പെൻഷൻ ബ്രിഡ്ജ് എന്ന നിലയിലാണോ ഡിസൈൻ ചെയ്യുന്നത് ; | (ബി). പെരുമ്പളം, കാക്കത്തുരുത്ത് എന്നീ പാലങ്ങളുടെ ഡിസൈൻ ഈ പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യം കൂടി കണക്കിലെടുത്ത് കേബിൾ സ്റ്റേയ്ഡ് ടൈപ്പ് (Extradosed) രീതിയിലാണ് ഡിസൈൻ ചെയ്യുന്നത്. |

| | |
|---|---|
| (സി). പ്രസ്തുത പ്രവൃത്തികൾ ഡിസൈൻ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കി റ്റി.എസ് നേടി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഡിസൈൻ നടപടികളും ഡി.പി.ആറും വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ? | (സി) 1. പെരുമ്പളം പാലത്തിന്റെ ടെൻറ്റേറ്റീവ് ഡിസൈൻ ലഭ്യമായാലുടൻ തന്നെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സാമ്പത്തികാനുമതിയ്ക്കായി സമർപ്പിക്കുവാൻ കഴിയുകയും അത് ലഭിച്ചാലുടൻ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് റോഡ് ഫണ്ട് ബോർഡിൽ നല്കുവാൻ കഴിയുകയും ചെയ്യും. പാലത്തിന്റെയും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളൂ.<br>2. കാക്കത്തുരുത്ത് പാലത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചാലുടൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകുവാൻ കഴിയുന്നതും തുടർന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് കൈമാറുന്നതിനും, സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് റോഡ് ഫണ്ട് ബോർഡിൽ നൽകുവാൻ കഴിയുന്നതുമാണ്. പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ.<br>3. നെട്ടുമ്പ്രക്കാട്- വിളക്കമരം പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. അത് പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ കൈമാറാൻ കഴിയുകയും തുടർന്ന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് ഫണ്ട് ബോർഡിൽ നൽകാൻ കഴിയുകയും ചെയ്യും. തുടർന്നു മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുവാനും സാധിയ്ക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ